
ആരവം
LITTLE KITES
RKMHSS MEENCHANDA

# രാമകൃഷ്ണ മിഷൻ ഹയർ സെക്കന്ററി സ്കൂൾ, മീഞ്ചന്ത കോഴിക്കോട്



# അറിവിൻ തിരിനാളം തെളിയട്ടെ



# ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ രൂപീകരിച്ചിട്ടുള്ള ലിറ്റിൽകൈറ്റ്സ് എന്ന കുട്ടികളുടെ ഐ ടി കൂട്ടായ്മ കമ്പ്യൂട്ടർ യുഗത്തിൻെറ അനിവാര്യതയാണ്. ലിറ്റിൽകൈററ്സിലെ അംഗങ്ങൾക്ക് ഐ ടി മേഖലയിലെ അടിസ്ഥാന നൈപുണികൾ പരിചയപെടാനുള്ള അവസരം ഇതുവഴി ലഭിക്കുന്നു. ഓരോ കുട്ടിയ്ക്കും പ്രാവീണ്യം ഉള്ള മേഖലയിൽ മികച്ച പരിശീലനം നേടാനും സഹായിക്കുന്നു

ഭാഷാകമ്പ്യൂട്ടിങ്ങ് പരിശീലനം ലഭിച്ച കുട്ടികളുടെ കഴിവ് ഉപയോഗപെടുത്തി ഓരോ സ്കൂളിനും ഓരോ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിലേക്കുള്ള ഈ ഉദ്യമത്തിന് എല്ലാ ആശംസകളും നേരുന്നു.

ലിറ്റിൽ കൈറ്റ്സിനു വേണ്ടി
ചീഫ് എഡിറ്റർ
ഷെർളി. എം. പി

# എഡിറ്റോറിയൽ ബോർഡ്











# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ:





വിവരസാങ്കേതികവിദ്യ വിദ്യാഭ്യാസത്തിൽ സമഗ്രമായ മാറ്റം വരുത്തിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഐ. ടി. കൂട്ടായ്മ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. ഈ ഉദ്യമത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികളെയും അനുമോദിക്കുന്നു. തുടർന്നും വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഈ രംഗത്ത് ചെയ്യാൻ അവർക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു


സ്നേഹപൂർവം

ജി. മനോജ് കുമാർ
പ്രിൻസിപ്പാൾ
ആർ. കെ. എം. എച്ച്. എസ്. എസ്.



അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന വിവരസാങ്കേതിക വിദ്യയുടെ ഈ യുഗത്തിൽ വിദ്യാർത്ഥികളുടെ സർഗവാസനകളെ ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ കൂട്ടായ്മയിലൂടെ ഡിജിറ്റൽ മാഗസിനായി അവതരിപ്പിക്കുന്ന സംരംഭത്തിന് എല്ലാ വിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം



സുമ.കെ

ഹെഡ്മിസ്ട്രസ്

ആർ.കെ.എം.എച്ച്.എസ്.എസ്.

# ഉള്ളടക്കം


| | | | | പേജ് |
|---|---|---|---|---|
| 1. | നാട് | കവിത | അലീന ഫൈസൽ | 10 |
| 2. | അനാഥബാല്യങ്ങൾ | കവിത | അരവിന്ദ്. പി | 11 |
| 3. | പൊൻമാൻ | കവിത | ശ്രീഹരി. എം | 12 |
| 4. | രാമഴ | കവിത | പൂജ രാജൻ | 13 |
| 5. | മഴത്തുള്ളികൾ | കവിത | രേവതി രാജേഷ്. സി | 14 |
| 6. | പ്രളയം അതിജീവനം | ലേഖനം | ദിൽഷാപർവിൻ. പി | 15 |
| 7. | SUMMER | POEM | ADITH JAYARAM | 17 |
| 8. | MARVELLOUS NATURE | POEM | ADITH. K | 18 |
| 9. | അമ്മ | കവിത | ദേവിക. ഇ | 19 |
| 10. | സഹജീവനം | ഉപന്യാസം | നന്ദന. പി. വി | 20 |
| 11. | എന്റെ ഭാവി | അനുഭവക്കുറിപ്പ് | സായൂജ് | 26 |

# നാട്



കുളവും  തോടും
കുളിർചോലകളും
കളകളമൊഴുകും അരുവികളും
കാറ്റിൻ പാട്ടിനു കാതോർത്തിടും
പൂക്കളുമുളെളാരു മലനാട്

കാടും മേടും
കതിരണിവയലും
അണിയണി നിൽക്കും തെങ്ങുകളും
പക്ഷികൾ പാടും പൂന്തോപ്പുകളും
എത്ര മനോഹരമെൻ നാട്.



# അനാഥബാല്യങ്ങൾ



അരവിന്ദ്.പി

10th D

നിൻെറ കണ്ണിലൂടെ ഞാൻ എൻെറ
ലോകം  കണ്ടറിഞ്ഞു. വർണ്ണങ്ങൾ
ഒട്ടും വാരി വിതറിയില്ലെങ്കിലും
ഉള്ള വർണങ്ങളിൽ മനോഹരമാക്കി.



സ്വന്തം ലോകത്തെ നിറമില്ലെങ്കിലും
അമ്മയുടെ മണമുള്ള ലോകമാക്കി
മനസ്സിൻെറ ഏട്ടുകൾ വലിച്ചു
കീറി പട്ടം പറത്താൻ.

തിട്ടുക്കപ്പെട്ടുന്ന മറ്റുബാല്യം
അനാഥത്വത്തിൽ വാതിൽ തുറന്നു
പുറത്തേക്കു പോകാൻ കൊതിക്കുന്ന
കുഞ്ഞു മനസ്സ്.

അമ്മയുടെ ചൂടിനപ്പുറത്ത്
മറ്റൊരു ലോകം ഇതൾ വിരിയുന്നു, ആരുമറിയാതിരിക്കട്ടെ
ഈ മറ്റ് ലോകമെന്നു
കരുതുമ്പോഴും കൂട്ടുതൽ
പാഴ് ജന്മങ്ങൾ

ഇവിടെ പുഴുക്കളെ പോലെ
ആരും ആർക്കും സനേ്ഹം
വിളമ്പാത്തൊരു മായാലോകം .

# പൊൻമാൻ



നീന്തൽകുളത്തിൻ കരയിൽ - നിന്നും
ചിന്തിപ്പതെന്തു പൊൻമാനെ?
വെള്ളത്തിലൂളിയിട്ടാഴ്ന്ന - കൊച്ചു
മീനിനെ കൊത്തുവാനാണോ?
ഓടുന്ന മീനിനെ പൊക്കാൻ - എന്നും
നീ കാട്ടിടുന്ന മിടുക്ക്
കൊച്ചായ നിൻെറ സാമർത്ഥ്യം - കണ്ടു
വാഴ്ത്തുവാനുള്ളം തുടിച്ചു
വെള്ളത്തിലാഴ്ന്നാഴ്ന്നു പോവാൻ-നിന്നെ
നീന്താൻ പഠിപ്പിച്ചതാര് ?
നീ തന്നെ സ്വന്തം പഠിച്ചോ - അല്ലേ
മാതാവിൽ നിന്നോ പഠിച്ചു?
കൗതുകം തോന്നുന്നു കാണാൻ-നിൻെറ
ഓട്ടവും നോട്ടവും കുഞ്ഞേ
എന്നോടു കൂടെ വരില്ലേ-എന്നെ
നീന്താൻ പഠിപ്പിച്ചീടില്ലേ?

***ശ്രീഹരി.എം***

# രാമഴ



എൻെറ വീടിൻെറമുറ്റത്തു
പെയ്തു
വരുന്ന രാത്രിമഴ നീയാണ്...
ഭ്രാന്തിമഴ എന്നു പറയുന്നവർ-
ഉണ്ട് ഈ ലോകത്ത്
മണ്ണിലും വിണ്ണിലും കുളിർ-
ക്കോരി നൽകിടും നീ,
എൻെറ മനസ്സിലും പെയതുപോയ
ആ മഴ ഒറ്റയ്ക്കിരിക്കുമ്പോൾ എവൻെറ
മനസ്സിലും പെയ്തുപോയ്-
നഷ്ട ബാല്യത്തിൻ മഴ,
കർമ്മദുഖ:മാം രാത്രിമഴ.

പൂജരാജൻ

# *മഴത്തുള്ളികൾ*




തുള്ളികൾ തുള്ളികൾ തുള്ളികൾ
നമ്മുടെ കൈയിൽ തുള്ളികൾ
വീഴുമ്പോൾ
ഒരു തണുപ്പ് അനുഭവപ്പെട്ടും
നിന്റെ അമ്മ ആരണെന്ന്
ഞങ്ങൾക്കറിഞ്ഞുകൂടാ
പക്ഷേ നിന്റെ അമ്മ നിന്നെ
താഴോട്ടിറക്കി വിടുമ്പോൾ
ഞങ്ങൾക്കുവെള്ളം കിട്ടും
ആദ്യമായ് ഞാൻ നിന്നെ
കാണുമ്പോൾ
ഒരു മഴത്തുള്ളിയായ് കണ്ട് ഞാൻ
തുള്ളികൾ തുള്ളികൾ തുള്ളികൾ
നമ്മുടെ കൈയിൽ വീഴും തുള്ളികൾ

രേവതി രാജേഷ്. സി
10.സി

# പ്രളയം ..........അതിജീവനം






ദിൽഷാപർവിൻ.പി.പ
8th A


കേരളം സമൃദ്ധിയുടെയും സന്തോഷത്തിൻേറയും നാട് ദൈവത്തിൻേറ സ്വന്തം നാട് ഒരുമയുടേയും സ്നേഹത്തിൻേറയും സൗഹൃദത്തിൻേറയും നാട് എത്രയെത്ര നദികൾ, കായലുകൾ മലകൾ വെള്ളച്ചാട്ടങ്ങൾ കേരളത്തിൽ ജനിച്ചത് നമ്മുടെ ഭാഗ്യമായാണ് നാം കരുതേണ്ടത്. എന്നാൽ നൂറ്റാണ്ടിലെങ്ങും കാണാത്ത പ്രളയം കടന്ന പോയിരിക്കുന്നു. സൗഭാഗ്യങ്ങളെല്ലാം നഷ്ടപെടുത്തിക്കൊണ്ട് സംഹാരതാണ്ഡവമാടിയ പ്രളയം. എത്രയോ ജീവനും ജീവിതവും പൊലിഞ്ഞുപോയിരിക്കുന്നു സൗഭാഗ്യങ്ങൾ നഷ്ടപെട്ടിട്ടുണ്ടെങ്കിലും കാണാതെ പോയ ഐക്യം തിരികെകിട്ടിയിരിക്കുന്നു ഹിന്ദുവോ മുസ്ലീമോ ക്യസ്ത്യനോ എന്ന



വ്യത്യാസമില്ലാതെ നമ്മുടെ ഐക്യം തിരികെ പിടിച്ചു രക്ഷാപ്രവർത്തനത്തിൽ നാമെല്ലാം ഒന്നായി. കടലിൻേറ മക്കളായ മത്സ്യതൊഴിലാളികളും പോലീസും പട്ടാളവും രക്ഷകരായെത്തി. കേരളം ഒരു മനസ്സായി പ്രളയത്തെ അതിജീവിച്ചു.

# രക്ഷാപ്രവത്തകർക്കായി ഒരു ബിഗ് സല്യൂട്ട്.



# SUMMER



Hot, hot, hot,it's summer
not a place where water is left
cool drinks,chocolate and everything
can't go out on a sunny day
AC,TV, and fan
all day long we use it
but this is fun for children
because the school is closed
hot,hot,hot summer

_Aadith Jayaram





Aadith Jayaram
Koyiloth
8th A

# *Marvellous Nature*

Nature nature
you are beautiful
with lakes,trees,around
you provide us air
you protect us from sun rays
so you are great
you give us fruits
and flowers to scent
Oh nature you are pretty
but humans are you murderers
with factories and waste around
then also you help us
so you are great

## അമ്മ



എന്നുമെൻ ഓർമ്മയിൽഓടിക്കളിക്കുന്ന

പൊൻമുത്തേ നീ എൻ ചാരത്ത് നിൽക്കുന്ന നേരം

എൻ സ്വപ്നങ്ങൾ ചിറകിലേരുന്നു

പാറിപ്പറക്കുന്ന മനസ്സിനെ ഞാനെൻ സ്വപ്നങ്ങൾ

കൊണ്ടുകെട്ടിയിട്ടു , നീയെൻ ഓർമ്മയിൽ തത്തിക്കളിക്കുന്ന

പിഞ്ചുപൈതലായി വന്നിടുന്നു ഇന്നലകൾ ഓടിമറയില്ല

നീ എത്ര ഉയരങ്ങളിലെത്തിയാലും

എന്നും നീ എൻ ചിറകിനടിയിൽൽ

ഒളിഞ്ഞിരിക്കും പൊൻ മുത്താണ്

വസന്തങ്ങളെത്ര കഴിഞ്ഞാലും

എൻ മാറിൽ ചാഞ്ഞുറങ്ങാൻ നീ

ഓടിയെത്തീടും എൻപിറകിൽ

ഒരിക്കലും മനമുരുകാതെ തലോടിടും എൻ കരങ്ങൾ

ദേവിക. ഇ

10 D

# ആകാശത്തിലേക്കു പറക്കുന്ന ചിറകുകൾ





# സ്വാതന്ത്ര്യ ദിനാഘോഷത്തിലൂടെ........





# സഹജീവനം

നമ്മുടെ ഈ പ്രപഞ്ചം അത്ഭുതങ്ങളാൽ സൃഷ്ടിക്കപ്പെട്ടതാണ്.നാം അറിയാതെ ഈ പ്രകൃതിയിൽ എന്തെല്ലാം സംവിക്കുന്നു. പ്രകൃതിയിലെ സർവ്വചരാചരങ്ങളും ഒന്നിനോടൊന്ന് ബന്ധപ്പെട്ടാണ് ജീവിക്കുന്നത്. ഇങ്ങനെ ഒരു ചാക്രികപ്രവവർത്തനം നിലനിൽക്കുന്നതുകൊണ്ടാണ് നമ്മുടെ ഈ ഭൂമി വൈവിധ്യങ്ങളാൽ സമൃദ്ധമാകുന്നത്.ഒരു സസ്യമായാലും ജീവിയാലും ഒന്നിനോടൊന്ന് ബന്ധപ്പെട്ടും സഹകരിച്ചും ജീവിക്കുന്നതുകൊണ്ടാണ് ജീവിന്റെ ഓരോ കണികയും മുന്നോട്ട് നീങ്ങുന്നത്. ഇതിന് ഉദാഹരണമായി, ഇത്തിൾകണ്ണിയായ സസ്യം മാവിനെ ആശ്രയിച്ച് ജീവിക്കുന്നു. മാവിൽ നിന്നും അതിൻറ ജലവും ലവണങ്ങളും വലിച്ചെടുത്ത് അത് ആഹാരമാക്കുന്നു. അത് പ്രകൃതിയുടെ ഒരു നിയമമാണ്. ഒന്നിന് ആഹാരം സ്വയം സൃഷ്ടിക്കാൻ കഴിഞ്ഞില്ലെങ്കിൽ മറ്റൊന്നിനെ ആശ്രയിച്ചു ജീവിക്കുന്നു. ഇത്തിക്കണ്ണി എന്ന ചെറിയ പക്ഷിയും ഇത്തിൾക്കണ്ണിയും തമ്മിലുള്ള പരസ്പര സഹായബന്ധമാണ് ഇവരുടെ നിലനിൽപ്പ് ഉറപ്പാക്കുന്നത്. പല ഏകകോശ ആൽഗകളും പ്രോട്ടോസോവനുകളും കടലുകളിൽ മറ്റു ജീവികളുമായുള്ള സഹജീവനത്തിൽ നിലനിൽക്കുന്നവരാണ്. ഉഷ്ണമേഖലാ സമുദ്രങ്ങളിലെ വൈവിധ്യമാർന്ന പ്ലവകജീവികളും പവിഴപ്പുറ്റുകളും ആൽഗകളുമായുള്ള സഹജീവനത്തിലാണ് നിലനിൽക്കുന്നത്. വിഷം കുത്തിവെച്ച് ഇരകളെമയക്കി അവയെ ഭക്ഷണമാക്കുന്ന നിരവധി ജീവികളുണ്ട് സമുദ്രങ്ങളിൽ. ജെല്ലിമത്സ്യങ്ങളെപ്പോലെയിരിക്കുന്ന ഇവരുടെ സ്പർഷനത്തിൽ അഭയം തേടുന്ന ചില മത്സ്യങ്ങൾ ഇരുവർക്കും ഗുണകരമായ അനുകൂലനം നേടിയവരാണ്. യൂറോപ്പിൽ ഒരു കാലത്ത് അന്യം നിന്ന വലിയ നീല ശലഭത്തിൻറ ശലഭപ്പുഴുക്കളെ ഉറുമ്പുകൾ അവയുടെ കൂട്ടിലേക്ക് കൊണ്ടുപോകുന്നു. ഉറുമ്പിൻറ ലാർവകളെ അവ തിന്നുമെങ്കിലും അത് കാര്യമാക്കാതെ അവയെ പരഭോജികളിൽ നിന്നു സംരക്ഷിക്കുന്നു. മദ്ധ്യഅമേരിക്കയിലെ മഴക്കാടുകളിലെ ട്രമ്പറ്റ് മരങ്ങളും തെക്കുകിഴക്കൻ

ഏഷ്യയിലെ പൊരിയുണ്ണിമരവും ഉറുമ്പുകൾക്ക് ആവാസം നൽകുന്നവയാണ്. ഈ വൃക്ഷങ്ങളെ ഉറുമ്പുകൾ മറ്റുള്ളവയിൽ നിന്ന് രക്ഷിക്കുന്നു. കൂട്ടം തെറ്റിയ ഉറുമ്പുകളെ കണ്ടെത്താനായി ഒരു പ്രത്യേകതരം ശബ്ദവും ദ്രാവകവും പുറപ്പെടുവിക്കുന്നു.

മുതലകൾ ജലാശയങ്ങളിൽ വാ തുറന്ന് കിടക്കുമ്പോൾ ഒരു ചെറുകിളി അതിൻറ വായ്ക്കകത്ത് നടന്ന് കൊത്തുന്നതു കാണാം. മുതല ആ കിളിയെ ഉപദ്രവിക്കുകയില്ല. ആ കിളി മുതലയ്ക്ക് ഉപകാരം ചെയ്യുകയാണ്. മുതലയുടെ വായ്ക്കകത്തുള്ള അണുക്കളെ ആ കിളി അതിൻറ ഭക്ഷണമാക്കുന്നു. കന്നുകാലികളുടെ കാര്യമായാലും അങ്ങനെ തന്നെ. അതിനടുത്ത് കൊക്കുകൾ സദാസമയവും വന്നിരിക്കുന്നത് കാണാം. ആ കൊക്കുകൾ കന്നുകാലിയുടെ ശരീരത്തിലുള്ള അണുക്കളെയും അവ നടക്കുമ്പോൾ പുല്ലിൽനിന്ന് ചാടുന്ന ഷഡ്പദങ്ങളെയും ഭക്ഷണമാക്കുന്നു. പൂമ്പാറ്റകളും വണ്ടുകളും പക്ഷികളും ചില മൃഗങ്ങളും മറ്റുള്ളവയിൽനിന്ന് ആഹാരം സ്വായത്തമാക്കുമ്പോൾ ആ ചെടിക്ക് പരാഗണം നടത്താനും സഹായമാകുന്നു.

നമ്മുടെ ഈ പ്രപഞ്ചത്തിൽ സഹജീവനം എന്ന പ്രക്രിയ ഇല്ലാതിരുന്നാൽ ഇവിടുത്തെ ആവാസവ്യവസ്ഥ തന്നെ തകരാറിലായേകും. നമുക്ക് ഗുണം ചെയ്യുന്ന ഒരാൾക്ക് തിരിച്ചും ഉപകാരം ചെയ്യണമെന്നത് ലോകതത്വമാണ്. ഇതിലൂടെ നമുക്ക് ലഭിക്കുന്നത്. എല്ലാത്തിനും ഉപരിയായ സൃഷ്ടാവ് തന്റെ ഇത്തരം സൃഷ്ടികളിലൂടെ ഒരേ ഒരു ആശയമാണ് നമുക്ക് നൽകുന്നത്.



“സഹജീവനം തന്നെ ജീവന്റെ ഒരുമ”

റിത്യ. പി

നന്ദന. പി. വി

സഹായക ഗ്രന്ഥം:

സഹജീവനം ജീവന്റെ ഒരുമ – എസ്. ശാന്തി

## ജൈവ പച്ചക്കറി തോട്ടം






# വർണചിത്രങ്ങളുടെ ലോകം.........




# എന്റെ ഭാവി

-സായൂജ്
9.f

ഞാൻ ആദ്യമായി ഈ ക്ലാസ്സിൽ വന്നപ്പോൾ എനിക്ക് നല്ല ഒരു അനുഭവം കിട്ടി. എന്നിട്ട് എനിക്ക് അക്ഷരങ്ങൾ പഠിപ്പിച്ചു. എനിക്ക് എല്ലാം മനസ്സിലാക്കാൻ കഴിഞ്ഞു. എനിക്ക് പുതിയ ഫ്രണ്ട്സിനെ കണ്ടുകിട്ടി. എനിക്ക് നല്ലൊരു അനുഭവമാണ് ഇത്. എന്റെ ജീവിതത്തിൽ മറക്കാൻ പറ്റാത്ത ഒരു ദിവസമാണ്. എല്ലാ ടീച്ചർമാരും നല്ല സ്നേഹത്തോടെയാണ് പെരുമാറിയത്. എനിക്ക് ഈ ക്ലാസ്സ് മറക്കാൻ പറ്റില്ല. ഈ എട്ടു ദിവസം കൊണ്ട് നല്ല ഒരു ക്ലാസ്സാണ് എനിക്ക് കിട്ടിയത്. നല്ലൊരു അനുഭവവുമായിരുന്നു. ഞാൻ നന്നായി പഠിച്ചു. എന്റെ മലയാളതിളക്കം ക്ലാസിലെ അനുഭവം .

## സാങ്കേതിക സഹായം

| | |
|---|---|
| ശ്രീജ. പി | എസ്.ഐ.ടി.സി |
| ബിന്ദു. കെ | |
| ജസ്ന. എം. എസ് | |
| സന്ദേശ്. കെ | ലിറ്റിൽ കൈറ്റ്സ് |
| അംജിത്ത് | ലിറ്റിൽ കൈറ്റ്സ് |
| സൂര്യ | ലിറ്റിൽ കൈറ്റ്സ് |


നമുക്കു പറക്കാം......
ഉയരങ്ങളിലേക്ക്............